# Dakshina Kerala Jam-iyyathul Ulama

## ജുമുഅ: പ്രസംഗം. റമളാൻ സമാഗതമാകുമ്പോൾ

﴿يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِن قَبْلِكُمْ لَعَلَّكُمْ تَتَّقُونَ (١٨٣) أَيَّامًا مَّعْدُودَاتٍ ۚ فَمَن كَانَ مِنكُم مَّرِيضًا أَوْ عَلَىٰ سَفَرٍ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ ۚ وَعَلَى الَّذِينَ يُطِيقُونَهُ فِدْيَةٌ طَعَامُ مِسْكِينٍ ۖ فَمَن تَطَوَّعَ خَيْرًا فَهُوَ خَيْرٌ لَّهُ ۚ وَأَن تَصُومُوا خَيْرٌ لَّكُمْ ۖ إِن كُنتُمْ تَعْلَمُونَ﴾ ﴿١٨٣,١٨٤/١﴾

- മനുഷ്യൻ: തനിക്ക് മെച്ചമാണെന്ന് ബോധ്യമുള്ള കാര്യത്തിന് വേണ്ടി എന്ത് ത്യാഗം സഹിക്കാനും തയ്യാറാകും. (ഇലക്ഷന് ഉറക്കമൊഴിച്ച് കഷ്ടപ്പെടുന്നു/പരീക്ഷക്ക് മാസങ്ങൾ കഷ്ടപ്പെടുന്നു/ കച്ചവടക്കാർ സീസണിൽ ഊണും ഉറക്കവുമില്ലാതെ കഷ്ടപ്പെടുന്നു.......) ഇതെല്ലാം നല്ല ഫലം ലഭിക്കാൻ വേണ്ടിയാണ്.

- മറിച്ച് മെച്ചമാണെന്ന് ഉറപ്പുണ്ടായിട്ടും അതിൽ ഉദാസീനത കാണിക്കുന്നവരെ ജനം മണ്ടൻ, ജീവിക്കാൻ പഠിക്കാത്തവൻ എന്ന് വിളിക്കും. (ഉദാ: ഠൗണിൽ നല്ല ഒരു കടയുള്ളയാൾ സമയത്ത് തുറക്കാതെ, തുറന്നാൽ ഇരിക്കാതെ അശ്രദ്ധ കാണിച്ചാൽ അത് പൂട്ടാൻ അധിക സമയം വേണ്ടി വരില്ല. അയാൾ ജീവിക്കാൻ പഠിക്കാത്ത വനാണ്.)

- ഇത് പോലെ വിശ്വാസികൾക്ക് ആഖിറത്തിന്റെ സീസനാണ് റമളാൻ.രാപകലുകളിൽ അല്ലാഹുവിന്റെ അനുഗ്രഹം വർഷിക്കുന്ന സമയം. ഈ സീസൺ ഉപയോഗപ്പെടുത്തുകയാണ് ബുദ്ധിയുള്ളവർ ചെയ്യേണ്ടത്.

عَنْ عُبَادَةَ بْنِ الصَّامِتِ ، أَنّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَعَلَى آلِهِ وَسَلَّمَ ، قَالَ يَوْمًا ، وَحَضَرَ رَمَضَانُ : " أَتَاكُمْ رَمَضَانُ شَهْرُ بَرَكَةٍ , فِيهِ خَيْرٌ يَغْشَاكُمُ اللَّهُ فَيُنْزِلُ الرَّحْمَةَ وَيَحُطُّ فِيهَا الْخَطَايَا ، وَيُسْتَجابُ فِيهَا الدَّعْوَةُ ، يَنْظُرُ اللَّهُ إِلَى تَنَافُسِكُمْ وَيُبَاهِيكُمْ بِمَلائِكَةٍ ، فَأَرُوا اللَّهَ مِنْ أَنْفُسَكُمْ خَيْرًا ، فَإِنَّ الشَّقِيَّ كُلَّ الشَّقِيِّ مَنْ حُرِمَ فِيهِ رَحْمَةَ اللَّهِ (الطبراني)

- മാത്രമല്ല, നരകത്തിൽ പോകാൻ അർഹതപ്പെട്ട ലക്ഷങ്ങൾക്ക് ദിനേന മോചനം ലഭിക്കുന്ന മാസവുമാണ്.

.

وَلِلَّهِ عَزَّ وَجَلَّ فِي كُلِّ يَوْمٍ مِنْ شَهْرِ رَمَضَانَ عِنْدَ الإِفْطَارِ أَلْفُ أَلْفِ عَتِيقٍ مِنَ النَّارِ كُلُّهُمْ قَدِ اسْتَوْجَبُوا النَّارَ

- അതുകൊണ്ട് നമുക്ക് ചില ചുമതലകൾ പൂർത്തീകരിക്കേണ്ടതുണ്ട്.

1. ഉയർന്ന ആഗ്രഹത്തോടെയും സന്തോഷത്തോടെയും മാസത്തെ വരവേൽക്കുക.(നബി(സ്വ) റജബ് മുതലേ ദുആ ചെയ്യുമായിരുന്നല്ലോ?... وبلغنا رمضان)

عَنِ ابْنِ عَبَّاسٍ رَضِيَ اللَّهُ تَعَالَى عَنْهُمَا ، أَنّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ " أَتَاكُمْ شَهْرُ رَمَضَانُ ، أَتَاكُمْ سَيِّدُ الشُّهُورِ ، فَمَرْحَبًا وَأَهْلا بِشَهْرِ مَصَحَّةٍ وَأَجْرٍ وَخَيْرٍ (بيهقي)

➢ എന്നാൽ ഇന്ന് ചിലർക്ക് റമളാൻ ഭാരമാണ്, സ്വാതന്ത്ര്യക്കുറവാണ്.(പുറമെ പറയുന്നില്ലെങ്കിലും) അത്തരക്കാരെക്കുറിച്ച് നബി(സ്വ) മുന്നറിയിപ്പ് നൽകി.

عن أبي هريرة قال رسول الله صلى الله عليه وسلم، ما مر بالمؤمنين شهر خير لهم منه ولا بالمنافقين شهر شر لهم منه (أحمد)

➢ നാം അത്തരത്തിൽ ആകരുത്. അതുകൊണ്ട് സന്തോഷത്തോടെ സ്വീകരിക്കുക.

2. നോമ്പനുഷ്ഠിക്കുക.(കുട്ടികളെപ്രേരിപ്പിക്കുക. ക്യാമ്പസുകളിൽ കൂട്ടുകാരെ പ്രോത്സാഹിപ്പിക്കുക. തൊഴിൽ മേഖലയിലും... ഇത് റമളാനിലെ ഏറ്റവും വലിയ കടമയാണ്.

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ.... (വിശദീകരിക്കുക )

➢ മുൻഗാമികൾ യുദ്ധവേളയിൽ വെട്ടേറ്റു വീണപ്പോൾപോലും സുന്നത്തായ നോമ്പ് മുറിക്കാൻ തയ്യാറായില്ല. ചരിത്രം: ഉമർ(റ)ന്റെ കാലത്ത് ഔഫ്ബ്നു അബീഹയ്യ:(റ)വെട്ടേറ്റ് വീണു. വെള്ളം കൊടുത്തിട്ട് കുടിച്ചില്ല. നോമ്പ് തുറക്കുന്ന സമയം ജീവനുണ്ടെങ്കിൽ കുടിക്കാമെന്ന് പറഞ്ഞു. പക്ഷേ അതിനു മുമ്പേ ശഹീദായി. (അൽ ഈസ്വാബ).

➢ അവർ പോകുന്ന സ്വർഗ്ഗത്തിൽ പോകാൻ നമ്മുടെ കൈവശം എന്താണുള്ളത്.?

➢ എന്നാൽ റമളാൻ നോമ്പ് പൂർത്തിയാക്കുന്നവർക്ക് ആ സ്വർഗ്ഗം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു.

عَنْ سَهْلٍ رَضِيَ اللَّهُ عَنْهُ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : "إِنَّ فِي الْجَنَّةِ بَابًا يُقَالُ لَهُ الرَّيَّانُ يَدْخُلُ مِنْهُ الصَّائِمُونَ يَوْمَ الْقِيَامَةِ لَا يَدْخُلُ مِنْهُ أَحَدٌ غَيْرُهُمْ يُقَالُ أَيْنَ الصَّائِمُونَ فَيَقُومُونَ لَا يَدْخُلُ مِنْهُ أَحَدٌ غَيْرُهُمْ فَإِذَا دَخَلُوا أُغْلِقَ فَلَمْ يَدْخُلْ مِنْهُ أَحَدٌ"(رواه البخارى)

عَنْ أَبِي هُرَيْرَةَعَنِ النَّبِيِّ (ص) قَالَ : " الصِّيَامُ جُنَّةٌ وَحِصْنٌ حَصِينٌ مِنَ النَّارِ(أحمد)

➢ ഇത്രമേൽ പ്രധാനമായ നോമ്പ് നാം ശ്രദ്ധയോടെ പൂർത്തിയാക്കണം. ഇന്ന് പലരും പല കാരണങ്ങളുടെയും പേരിൽ വീഴ്ച വരത്തുന്നു. (ജോലിക്കാർ, വിദ്യാർത്ഥികൾ....) ഇത് കടുത്ത തിന്മയാണ്.

عَنِ ابْنِ عَبَّاسٍ عن النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ : " عُرَى الْإِسْلَامِ وَقَوَاعِدُ الدِّينِ ثَلَاثَةٌ عَلَيْهِنَّ أُسِّسَ الْإِسْلَامُ ، مَنْ تَرَكَ مِنْهُنَّ وَاحِدَةً ، فَهُوَ بِهَا كَافِرٌ حَلَالُ الدَّمِ : شَهَادَةُ أَنْ لَا إِلَهَ إِلَّا اللَّهُ ، وَإِقَامُ الصَّلَاةِ الْمَكْتُوبَةِ ، وَصَوْمُ رَمَضَانَ (أبو يعلي)

➢(ഇത് നോമ്പിന്റെ ഗൗരവം വിവരിക്കുന്നതാണ്. നിഷേധത്തോടെ ഉപേക്ഷിക്കുമ്പോഴാണ് യഥാർത്ഥ കാഫിർ ആകുന്നത്. ഇത് മനസ്സിൽ വെച്ച് വിശദീകരിക്കുക.) (عري = പാശം/ عدل , صرف = സുന്നത്തും ഫർളും)

➢ സമയമാകും മുമ്പേ നോമ്പ് മുറിക്കുന്നവർക്ക് പോലും നരക ശിക്ഷയാണ് ലഭിക്കുന്നതെന്ന് ഹദീസിൽ വന്നിരിക്കുന്നു. നബി(സ്വ) കണ്ട ഒരു സ്വപ്നം.

ثم انطُلِقَ بي ، فإذا أنا بقوم معلقين بعراقيبهم ، مشققة أشداقهم ، تسيل أشداقهم دماً .قلت من هؤلاء ؟ قيل : الذين يُفطرون قبل تَحِلَّةِ صومهم ... " رواه النسائي

(مشققة أشداقهم = വായ തുറന്നിരിക്കുന്നവർ/ معلقين بعراقيبهم = കാൽ കെട്ടപ്പെട്ടവർ)

➢എന്നിരിക്കെ നോമ്പ് ഉപേക്ഷിക്കുന്നവരുടെ അവസ്ഥ എത്രയോ മോശം. അതിനാൽ നോമ്പിന്റെ കാര്യം അങ്ങേയറ്റം ശ്രദ്ധിക്കുക.

3. തറാവീഹ് പൂർത്തിയാക്കുക

ഓരോ റക്അത്തിനും എത്രയോ പ്രതിഫലം.

عَنْ أَبِي سَلَمَةَ أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ : " مَنْ قَامَ رَمَضَانَ إِيمَانًا وَاحْتِسَابًا غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ (أحمد)

കൂടാതെ ജമാഅത്ത്, ദികർ, സ്വലാത്ത് എന്നിവകളുടെ പ്രതിഫലം വളരെ വലുത്.
(സർവ്വ മുസ്‌ലിംകളും സർവ്വ പള്ളികളിലും ഒരുമിച്ച് കൂടുന്ന സമയം. ലക്ഷക്കണക്കിന് ഇബാദത്തുകൾ, ദുആകൾ ഉയർത്തപ്പെടുന്ന സമയം. നമ്മിൽ ഒരാൾ പോലും ഒറ്റപ്പെട്ട് മാറി നിൽക്കരുത്.)

4. നോമ്പ് തുറപ്പിക്കുക. വിഷിശ്യാ കടുംബക്കാരെ, അയൽവാസികളെ.

عن سلمان الفارسي : من فطر فيه صائما كان له مغفرة لذنوبه وعتق رقبته من النار (ترمذي)

عن سلمان الفارسي ومن سقى صائماً سقاه الله من حوضي شربة لا يظمأ بعدها حتى يدخل الجنة(بيهقي)

➢ അങ്ങനെ ഈ സീസൺ മുതലാക്കുക, അല്ലാഹു കൈ നിറയെ ലാഭം നൽകും

തയ്യാറാക്കിയത്:
സി.എ. മൂസാ മൗലവി മുവാറ്റുപുഴ.
9447465648